## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3911     24.08.2017-ൽ മറുപടിക്ക്

### ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾ

ചോദ്യം
ശ്രീ.ഐ.സി.ബാലകൃഷ്ണൻ

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ രേഖകൾ പ്രകാരം സംസ്ഥാനത്തെ ഭൂരഹിത/ ഭവനരഹിത/ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | 01.07.2017 തീയതിയിലെ സ്ഥിതിവിവരം അനുസരിച്ച് സംസ്ഥാനത്ത് 11594 ഭൂരഹിതരും, സ്വന്തമായി ഭൂമിയുള്ളവരിൽ 15176 ഭവനരഹിതരുമാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു. |
| ബി) | നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് തുക അനുവദിച്ചിട്ടും പണി പൂർത്തിയാക്കാത്ത വീടുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ 18559 വീടുകളും ഗ്രാമവികസന വകുപ്പിൽ നിന്നും അനുവദിച്ച വീടുകളിൽ 4754 വീടുകളും പണി പൂർത്തിയാക്കാത്തതായുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം - II ആയി ചേർക്കുന്നു. |
| സി) | ലൈഫ് മിഷൻ സർവ്വേ പ്രകാരം സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ, ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ, ഭൂരഹിതരും ഭവനരഹിതരുമായ | സി) | ലൈഫ് മിഷൻ പദ്ധതി പ്രകാരം കുടുംബശ്രീ നടത്തിയ സർവ്വേയിന്മേൽ ആദ്യ ഘട്ട അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയം ആഗസ്റ്റ് 10-ന് അവസാനിച്ചിട്ടുണ്ട്. ആയതിന്മേൽ 2-ാം ഘട്ട അപ്പീൽ |

| | | | |
|---|---|---|---|
| | പട്ടികവർഗ്ഗ കുടുംബങ്ങൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | | ജില്ലാതലത്തിൽ നൽകുന്നതിനുള്ള അവസാന തീയതി. സെപ്റ്റംബർ 16 വരെയാണ്. അന്തിമ പട്ടിക ലഭ്യമായെങ്കിൽ മാത്രമേ ഭൂരഹിതരുടെയും ഭവന രഹിതരുടെയും പട്ടിക ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാകുകയുള്ളൂ. |
| ഡി) | ലൈഫ് മിഷൻ സർവ്വേ പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങളുടെ പൂർത്തിയാകാത്ത വീടുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | ഡി) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം ജില്ലാതല ഉദ്യോഗസ്ഥൻമാർ മുഖേന ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസർക്ക് ആഗസ്റ്റ് 31-ന് മുമ്പായി സമർപ്പിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആയത് നടന്നു വരുന്നു. അന്തിമ പട്ടിക ലഭ്യമായിട്ടില്ല. |
| ഇ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്കുകളും ലൈഫ് മിഷൻ സർവ്വേയിലൂടെ കണ്ടെത്തിയ കണക്കുകളും തമ്മിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ; | ഇ) | കുടുംബശ്രീ മുഖേന ലൈഫ് മിഷനു വേണ്ടി നടത്തിയ സർവ്വെയിൽ ഭവനരഹിതരും ഭൂരഹിതരുമായ ഭൂരിഭാഗം പട്ടികവർഗ്ഗക്കാരും ഉൾപ്പെട്ടിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂരഹിതരും ഭവന രഹിതരുമായ പട്ടികവർഗ്ഗക്കാരെ ലൈഫ് മിഷൻ സർവ്വെ പ്രകാരം തയ്യാറാക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പട്ടിക പരിശോധിച്ച് അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നതിന് അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| എഫ്) | ലൈഫ് മിഷൻ സർവ്വേയിൽ അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെട്ടിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികയിൽ ഉൾപ്പെടാത്ത അർഹതപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളെ പ്രസ്തുത പട്ടികയിലുൾപ്പെടുത്തുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രൊമോട്ടർമാർ മുഖേന അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |

Harspriya

സെക്ഷൻ ഓഫീസർ

അനുബന്ധം -1

| ക്രമ നം. | ഓഫീസ് | ഭൂരഹിതരുടെ എണ്ണം (01.07.2017 ൽ) | സ്വന്തമായി ഭൂമിയുള്ളവരിൽ ഭവന രഹിതരായുള്ള വരുടെ എണ്ണം 1/7/2017 | ആകെ |
|---|---|---|---|---|
| 1 | പ്രോജക്ട് ഓഫീസർ, നെടുമങ്ങാട്, തിരുവനന്തപുരം | 27 | 1072 | *1099* |
| 2 | റ്റി.ഡി.ഒ., പുനലൂർ, കൊല്ലം | 47 | 282 | *329* |
| 3 | റ്റി.ഡി.ഒ., റാന്നി, പത്തനംതിട്ട | 190 | 153 | *343* |
| 4 | റ്റി.ഡി.ഒ., പുനലൂർ, ആലപ്പുഴ | 290 | 128 | *418* |
| 5 | പ്രോജക്ട് ഓഫീസർ, കാഞ്ഞിരപ്പള്ളി, കോട്ടയം | 150 | 275 | *425* |
| 6 | പ്രോജക്ട് ഓഫീസർ, തൊടുപുഴ, ഇടുക്കി | 117 | 2857 | *2974* |
| 7 | റ്റി.ഡി.ഒ.,മൂവാറ്റുപുഴ, എറണാകുളം | 234 | 679 | *913* |
| 8 | റ്റി.ഡി.ഒ., ചാലക്കുടി, തൃശൂർ | 48 | 23 | *71* |
| 9 | പ്രോജക്ട് ഓഫീസർ, അട്ടപ്പാടി (338)<br>റ്റി.ഡി.ഒ., പാലക്കാട് (896) | 695 | 433 | *1128* |
| 10 | പ്രോജക്ട് ഓഫീസർ, നിലമ്പൂർ, മലപ്പുറം | 598 | 600 | *1198* |
| 11 | റ്റി.ഡി.ഒ.,കോഴിക്കോട് | 117 | 214 | *331* |
| 12 | പ്രോജക്ട് ഓഫീസർ, കൽപ്പറ്റ (2189)<br>റ്റി.ഡി.ഒ., സുൽത്താൻ ബത്തേരി (3669)<br>റ്റി.ഡി.ഒ., മാനന്തവാടി, വയനാട് (2412) | 8263 | 1412 | *9675* |
| 13 | പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി.പി, കണ്ണൂർ | 264 | 1168 | *1432* |
| 14 | റ്റി.ഡി.ഒ., കാസർഗോഡ് | 554 | 5880 | *6434* |
| | ആകെ | **11,594** | 15176 | *26,770* |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| ക്രമ നം. | ജില്ല | പൂർത്തീകരിക്കാത്ത വീടുകൾ | | |
|---|---|---|---|---|
| | | വകുപ്പ് മുഖേന അനുവദിച്ച വീടുകൾ (ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി, ഹഡ്കോ) (2011 മുതൽ 2016 വരെയുള്ളത്) | ഗ്രാമവികസന വകുപ്പ് മുഖേന അനുവദിച്ച വീടുകൾ (2011 മുതൽ 2016 വരെയുള്ളത്) | ആകെ |
| 1 | തിരുവനന്തപുരം | 620 | 202 | 822 |
| 2 | കൊല്ലം | 271 | 48 | 328 |
| 3 | ആലപ്പുഴ | | 9 | |
| 4 | പത്തനംതിട്ട | 100 | 40 | 140 |
| 5 | കോട്ടയം | 133 | 46 | 179 |
| 6 | എറണാകുളം | 173 | 53 | 226 |
| 7 | ഇടുക്കി | 1387 | 427 | 1814 |
| 8 | തൃശൂർ | 156 | 27 | 183 |
| 9 | പാലക്കാട് | 4848 | 282 | 5130 |
| 10 | മലപ്പുറം | 574 | 125 | 699 |
| 11 | കോഴിക്കോട് | 339 | 95 | 434 |
| 12 | വയനാട് | 8547 | 1977 | 10524 |
| 13 | കണ്ണൂർ | 489 | 453 | 942 |
| 14 | കാസറഗോഡ് | 1022 | 970 | 1992 |
| | **ആകെ** | **18659** | **4754** | **23413** |

സെക്ഷൻ ഓഫീസർ